# മലയാളം (343)

1. കടങ്കഥയുടെ താവഴിയിൽ പിറന്ന കവി ആര്?

ഉ. കുഞ്ഞുണ്ണി മാഷ്

2. 'കൊല്ലിക്കയത്രേ നിനക്കു രസമെടോ', ഗാന്ധാരി ശ്രീകൃഷ്ണനോട് ഇങ്ങനെ പറഞ്ഞതിന്റെ പൊരുൾ എന്താണ്?

ഉ. • സുഭദ്രയുടെയും അർജ്ജുനന്റെയും പുത്രനായ അഭിമന്യു ശ്രീകൃഷ്ണന്റെ മരുമകനാണ്. എന്നിട്ടും അവനെ രക്ഷിക്കാൻ ശ്രമിക്കാതെ കൊലയ്ക്കു കൊടുക്കുകയാണ് ശ്രീകൃഷ്ണൻ ചെയ്തത്.

• ശ്രീകൃഷ്ണൻ വിചാരിച്ചാൽ അഭിമന്യുവിനെ രക്ഷിക്കാമായിരുന്നു

• ശ്രീകൃഷ്ണൻ പത്മവ്യൂഹം ഭേദിക്കാനുള്ള സൂത്രം ഉപദേശിച്ച് ഇടയ്ക്കു നിർത്തിയ കഥകൂടി ഓർക്കുമ്പോഴാണ് ഈ വാക്കിന്റെ അർത്ഥവും, പൊരുളും ശക്തിയും ബോധ്യമാവുക.

3. വണ്ണേരിക്കാരുടെ ഓണാഘോഷത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

ഉ. വണ്ണേരിയിൽ പത്തുദിവസത്തെ ആഘോഷമാണ്. വേലിപ്പടർപ്പിലെ പൂക്കളൊക്കെ കളമിടാൻ ഉപയോഗിച്ചു. പാണരുടെ സംഘം പകൽ വന്നു മുറ്റത്ത് പാട്ടും കളിയും നടത്തും, മാതേവരെപ്പറ്റിയുള്ള ആചാരപ്പാട്ടുകൾക്കു പുറമെ പ്രചാരമുള്ള പാട്ടുകളും അവർ പാടിയിരുന്നു.

4. ഒരു കലാകാരനെ സംവിധാനം ചെയ്തെടുക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്?

ഉ. ജന്മസിദ്ധമായ വാസന, പൂർവ്വകാലകലാകാരന്മാരുടെ മാതൃക, അഭ്യാസം, ബഹുജനങ്ങളുടെ രുചിവൈവിധ്യം സാമുദായിക ദർശനങ്ങൾ, ജീവിത വരുമാനം കണ്ടെത്തൽ എന്നിവയാണ് കലാകാരനെ സംവിധാനം ചെയ്യുന്ന ഘടകങ്ങൾ.

5. കടങ്കഥ എന്നതിനു പകരം മലയാളത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ എന്തെല്ലാം?

ഉ. കടംപറയൽ, കടങ്കഥപറയൽ, തോൽക്കഥ, അപ്പിഷ്ടാൻകഥ.

6. താന്നിക്കുന്നിലെ കണ്ണാന്തളിപ്പൂക്കൾക്ക് കാലാന്തരത്തിൽ വന്ന മാറ്റം എന്ത്?

ഉ. കുടിയിരുപ്പുകളായി മാറിയ കുന്നിൻപുറങ്ങളിൽ കണ്ണാന്തളിപ്പൂക്കൾ വളരാതായി. ഗ്രാമം കാണാം. പക്ഷേ കണ്ണാന്തളിപ്പൂക്കളില്ല. ഗ്രാമവും മാറിയിരിക്കുന്നു.

7. ഉതുപ്പാന്റെ കിണറിനു നേരിടേണ്ടി വന്ന ഉപദ്രവങ്ങൾ എന്തെല്ലാം?

ഉ. പലവരും കുടി കിണറ്റിൻ കരയിലാക്കി.
കുട്ടികൾ അതിൽ ചപ്പുചവറുകളും കല്ലും ഇട്ടുനിറച്ചു.
ദുരാഗ്രഹി തൊട്ടിയും മറ്റൊരു പാപി കപ്പിയും മോഷ്ടിച്ചു.

8. കോടച്ചി കൊടുത്തയച്ച പൊതിച്ചോറിനുണ്ടായ പരിണാമമെന്ത്?

ഉ. വെള്ളായിയപ്പൻ കണ്ടുണ്ണിയുടെ ശവം പൊതുശ്മശാനത്തിൽ കുഴിച്ചിട്ട ശേഷം, കടപ്പുറത്തെത്തി കാക്കകൾക്ക് ബലിച്ചോറായി നൽകി. വിശപ്പടക്കാൻ കരുതിയ ഒരു നേരത്തെ അന്നം ബലിച്ചോറായി പരിണമിക്കുകയായിരുന്നു.

9. "നീയാ എന്റെ ശ്രീഭഗവതി" എന്ന് ഭർത്താവ് പറയാനിടയായ സാഹചര്യമെന്ത്?

ഉ. ഭാര്യയെ സമാശ്വസിപ്പിക്കാനുള്ള നന്മ എന്ന നിലയിലാണ് അയാൾ അങ്ങനെ പറഞ്ഞത്.

10. അപ്പൻ ഹോംനേഴ്സിന് എന്താണ് നൽകിയത്?

ഉ. മക്കൾക്കെല്ലാം കൂടി ഓഹരി കിട്ടേണ്ട രണ്ടേക്കർ പറമ്പ് ഇഷ്ടദാനമായിട്ട് എഴുതിക്കൊടുത്തു.

11. മനോനില തെറ്റി സ്വയം മറന്നുള്ള സെബാസ്റ്റ്യന്റെ പ്രവൃത്തികൾ വിശദീകരിക്കുക.

ഉ. അയാൾ സ്വയം മറന്ന് അഭിനയം തുടങ്ങി,
മൂത്തമകൾ അർജ്ജുനനായി, മരുമകൻ ഘടോൽക്കചനായി.

12. സൂര്യനെ എതിരേറ്റ ബാലികയുടെ ഭാവത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

ഉ. സൂര്യന്റെ വിവശതയിൽ അലിവുള്ളവളാണ് ബാലിക. അനുജനെ വിരൽതുമ്പിൽ പിടിച്ച് പിച്ച നടത്തിക്കുന്നതുപോലെ ലാളനത്തോടെയും, വാത്സല്യത്തോടെയുമായിരുന്നു സൂര്യനെ വിളക്കിന്റെ തിരിയിലേയ്ക്ക് ബാലിക ആവാഹിച്ചത്.

13. "കനിവാറ്റിൻ തിരക്കോളിൽ
കടക്കൺകോൺ കുളിക്കവേ"
പ്രയോഗത്തിന്റെ ചമത്കാരവും സാംഗത്യവും പരിശോധിക്കുക.

ഉ. കൃഷ്ണന്റെ കനിവ് തിര നൽകുന്ന ഒരു നദിയാണ് അത് പരന്നൊഴുകിക്കൊണ്ടിരിക്കുന്നു. കാരുണ്യത്തിന്റെ പുഴയിൽ ചാഞ്ചാടുന്ന തോണികളാണ്, കൃഷ്ണന്റെ രണ്ടു കണ്ണുകളും. കൃഷ്ണന്റെ കാരുണ്യ ഭാവം അദ്ദേഹത്തിന്റെ കണ്ണുകളിൽ നിരന്തരം നിഴലിക്കുന്നു.

14. "പരപ്പിലുണ്ടൊരോമൻ
പച്ചപ്പുൽത്തകിടിപ്പുറം"
എന്ന് കവി വർണ്ണിക്കുന്നത് ഏതു പുണ്യഭൂമിയെയാണ്?

ഉ. വൃന്ദാവനം

15. <u>പിരിച്ചെഴുതുക.</u>

ഉ. ചീരയില → ചീര + ഇല
തക്കത്തേർ → തക്ക + തേർ
കുഞ്ഞിളംകാറ്റ് → കുഞ്ഞ് + ഇളം + കാറ്റ്

16. ഭീമാത്മജൻ ആരാണ്?

ഉ. ഘടോത്കചൻ.